# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4217

19.10.2011 ൽ മറുപടിയ്ക്ക്

## കൊച്ചി സഹകരണ മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) 2001–06, 2006–11 കാലഘട്ടത്തിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ഒ.പി., ഐ.പി വിഭാഗങ്ങളിൽ ചികിത്സ തേടിയ രോഗികളെത്രയെന്ന് വ്യക്തമാക്കുമോ; | (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രി ഇപ്പോഴത്തെ കോളേജ് കാമ്പസിൽ ആരംഭിച്ചത് 2004 സെപ്റ്റംബറിൽ മാത്രമാണ്. അതിനുമുമ്പ് എറണാകുളം ജനറൽ ഹോസ്പിറ്റലും, എറണാകുളം കടവന്ത്രയിലെ ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമാണ് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിന്റെ ആശുപത്രിയായി കാണിച്ചിരുന്നത്. 2006 ൽ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചതിനു ശേഷമുള്ള കണക്ക് പ്രകാരം ഒ.പി. വിഭാഗത്തിൽ 7,88,297 പേരും ഐ.പി വിഭാഗത്തിൽ 63,189 പേരും ചികിത്സ തേടി. |
| (ബി) ഒരോ കാലഘട്ടത്തിലും അതിൽ നിന്ന് ലഭിച്ച വരുമാനം എത്ര എന്ന് വ്യക്തമാക്കുമോ; | (ബി) 2003 – 2004 മുതൽ 2005 - 2006 വരെ 3,35,87,374.93 രൂപയും 2006 – 2007 മുതൽ 2010 – 2011 വരെ 29,34,91,151.63 രൂപയും വരുമാനം ലഭിച്ചിരുന്നു. |
| (സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആർ.എസ്.ബി.വൈ. ഇൻഷുറൻസ് പദ്ധതി വീണ്ടും നടപ്പിലാക്കി.<br>2. 140 പേവാർഡുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി. |

3. പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ന്യൂറോ സർജറി വിഭാഗം തുടങ്ങുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

5. രോഗികൾക്കുവേണ്ടിയുള്ള പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ